# അമ്പലമുക്ക് കൊലപാതകം: പ്രതി പിടിയിൽ

## പിടിയിലായത് നാലു കൊലപാതക കേസ് ഉൾപ്പെടെ നിരവധി കേസുകളിലെ പ്രതിയായ കൊടും കുറ്റവാളി

തിരുവനന്തപുരം:- അമ്പലമുക്ക് അലങ്കാര ചെടി വിൽപ്പന സ്ഥാപനത്തിലെ ജീവനക്കാരിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി പോലീസ് പിടിയിലായി. കന്യാകുമാരി ജില്ലയിൽ തോവാള, വെള്ളമഠം സ്വദേശി രാജേഷ് എന്ന് വിളിക്കുന്ന രാജേന്ദ്രൻ (49) നെയാണ് സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. ഇയാൾ തമിഴ്നാട്ടിലെ നാലു കൊലപാതക ഉൾപ്പെടെ നിരവധി കേസുകളിലെ പ്രതിയാണ്.

പേരൂർക്കട അമ്പലമുക്കിലെ സ്ഥാപനത്തിൽ വച്ച് ഞായറാഴ്ചയാണ്, ജീവനക്കാരിയായ നെടുമങ്ങാട്ട് കരിപ്പൂര്, ചാരുവള്ളി സ്വദേശിനി വിനിത (38), കവർച്ചാ ശ്രമത്തിനിടയിൽ കൊല്ലപ്പെട്ടത്. ഉടനടി തന്നെ സിറ്റി പോലീസ് കമ്മീഷണറുടെ നിർദേശ പ്രകാരം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു നടത്തിയ അന്വേഷണത്തിൽ തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ കാവൽകിണർ എന്ന സ്ഥലത്ത് നിന്നാണ് പ്രതിയെ പിടികൂടിയത്.



വിനിതയുടെ നാല് പവനോളം തൂക്കം വരുന്ന സ്വർണ്ണ മാല കവരുന്നതിനായാണ് പ്രതി ഈ ക്രൂരത കാട്ടിയത്. പേരൂർക്കട ഭാഗത്തെ ഒരു ഹോട്ടലിലെ ജീവനക്കാരനാണ് പ്രതി രാജേന്ദ്രൻN ഒരു മാസത്തിലേറെയായി ഈ ഹോട്ടലിൽ ജോലി നോക്കി വരികയായിരുന്നു. ഇവിടെ ജോലി ചെയ്യുന്നതിനിടയിലാണ് കവർച്ചയ്ക്കായി ഈ സ്ഥാപനം പ്രതി നോട്ടമിട്ടിരുന്നത്. ഞായറാഴ്ച ലോക്ക്ഡൗണിന് സമാനമായ നിയന്ത്രണത്തിന്റെ ഭാഗമായി ഹോട്ടലുകളിൽ ടേക്ക് -എവേ സംവിധാനം മാത്രമായിരുന്നതിനാലാണ് ഇയാൾ ഈ ദിവസം തെരഞ്ഞെടുത്തത്.

ഇയാൾക്കെതിരെ തമിഴ്നാട്ടിൽ അരൽവായ്മൊഴി സ്റ്റേഷൻ പരിധിയിൽ ഒരു കസ്റ്റംസ് ഓഫീസറെയും ഭാര്യയേയും കൊലപ്പെടുത്തി കവർച്ച നടത്തിയ കേസും കന്യാകുമാരി പോലീസ് സ്റ്റേഷനിൽ രണ്ടു കൊലക്കേസുകളും ഉൾപ്പെടെ നാലു കൊലപതാക കേസുകളും നിലവിലുണ്ട്. തമിഴ്നാട്ടിലെ അമ്പത്തൂർL തൂത്തുക്കുടി, തിരുപ്പൂർ തുടങ്ങിയ വിവിധ പോലീസ് സ്റ്റേഷനുകളിലായി വധശ്രമം, മോഷണം അടിപിടി, തുടങ്ങിയ നിരവധി കേസുകളിലും പ്രതിയാണ്. കൂടാതെ തമിഴ്നാട്ടിൽ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുമാണ്.